


## സെന്റ് എയ്മാർഡ്സ് അഡോറേഷൻ കോൺവെന്റ് വഴിത്തല

സ്ഥാപനം : 1974

മാറിക ഇടവകയുടെ വകയായി പണി ആരംഭിച്ച ആശുപത്രി തുടർ നടത്തിപ്പിനായി അന്നത്തെ മാറിക പള്ളി വികാരി ബ.തോമസ് പീച്ചാട്ട് അച്ചൻ പ്രതിഫേച്ഛ കൂടാതെ 1973-ൽ ആരാധനാമഠംകാരെ ഏല്പിച്ചു. അവിടെ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിന്റെ താമസത്തിനായി 1974-ൽ അവിടെ ഒരു മഠം സ്ഥാപിതമായി. ഉടൻതലന്നെ ഒരു നേഴ്സറി സ്ക്കൂളും പിന്നീട് ഒരു ക്രഷും ആരംഭിച്ചു. 1980-ൽ പുതുതായി നിർമ്മിച്ച മഠവും വഴിത്തലവാസികൾക്കു കൂടി വിശുദ്ധ കുർബാനയ്ക്ക് സൗകര്യം കിട്ടത്തക്കവിധത്തിൽ ഒരു കപ്പേളയും നിർമ്മിച്ച് വെഞ്ചരിച്ചു. നിർദ്ദനരായ പെൺകുട്ടികൾക്കു സ്വയം തൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി തയ്യലും കുട നിർമ്മാണവും പരിശീലിപ്പിക്കുന്ന ഒരു സ്ഥാപനവും ഉണ്ടായി. ആശുപത്രിയോടനുബന്ധിച്ചുള്ള ചാപ്പലിൽ 1985 മുതൽ നിത്യാരാധന നടത്തിവരുന്നു.